**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1488** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>തലശ്ശേരി കടൽപ്പാലം നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കാരായി രാജൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** തലശ്ശേരി നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന തലശ്ശേരി കടൽപ്പാലം നവീകരണം സംബന്ധിച്ച പ്രവൃത്തിയുടെ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തലശ്ശേരി ഹെറിറ്റേജ് പദ്ധതികളുടെ ഭാഗമായി ഉൾപ്പെട്ട "Development of Overbury's Bridge /plaza to view the historical Thalasseri Sea pier" എന്ന പദ്ധതിക്ക് G.O. (Rt.) No.353/2019/TSM Dated 24/10/2019 പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) -നെ പദ്ധതി നിർവ്വഹണ ഏജൻസിയായി നിയമിക്കുകയും ചെയ്തിരുന്നു. തുടർന്ന് KIIDC സമർപ്പിച്ച DPR (Detailed Project Report) ന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് കിഫ്ബി 17.02.2026 ന 36.27 കോടി രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതി നൽകി. പദ്ധതിക്കായി CRZ അനുമതി ലഭ്യമാക്കുകയും തുടർന്ന് EPC (Engineering, Procurement and Construction) വ്യവസ്ഥയിൽ KIIDC ടെൻഡർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ടെൻഡർ നടപടികൾ പുരോഗമിച്ചു വരികയാണെന്നു പദ്ധതി നിർവഹണ ഏജൻസി ആയ KIIDC റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(ബി)** പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ടെൻഡർ നടപടികൾ പൂർത്തീകരിച്ച്, അംഗീകാരത്തിനായി KIIDC സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബിയുടെ ധനലഭ്യത അനുസരിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ് .

**സെക്ഷൻ ഓഫീസർ**